തയ്യാറാക്കിയത്: സിറാജ്
മൂന്നാംവർഷ ബി.എ. സോഷ്യോളജി

ക്യാമ്പസ് ഫോട്ടോ ഫീച്ചർ

# ഒരു കാമ്പസ് പ്രണയം



1. സ്വിച്ച് ഓൺ/ അൺ ലോക്ക്

'ഇവിടെ നിന്നും വെറും കയ്യോടെ തിരിച്ചുപോയിക്കൂടാ. അനുഭവങ്ങളും അറിവുകളും ചിതറിക്കിടക്കുന്ന ഈ ഹരിത വൃന്ദാവനത്തിൽ നിന്നും കുറേയേറെ പെറുക്കിയെടുക്കണം. മനസ്സിൽ സൂക്ഷിക്കാൻ ഒത്തിരി നല്ല ഓർമ്മകൾ വേണം.'– വന്നിറങ്ങിയപ്പോൾ ഇതായിരുന്നു സ്വപ്നം.



2. മെനു

പക്ഷെ, ഞാൻ ചെറുപ്പമാണ്, യുവാവാണ്.
എന്റെ അധരങ്ങളിൽ പ്രേമഗാനങ്ങൾ പിറക്കുന്നു.
എന്റെ ഉള്ളിൽ യൗവനകാല സ്വപ്നങ്ങളുടെ പൂക്കൾ വിരിയുന്നു.
ഈ വിടർന്ന പൂ എനിക്കുള്ളതല്ലേ? പാറുന്ന പതാകകളിവിടെ പലതുണ്ടെങ്കിലും
പച്ചിലകൾക്കിടയിൽ സമാധാനത്തോടെ വിരിഞ്ഞു നിൽക്കുന്ന വെള്ളപ്പൂവിനോട്
എന്തോ എനിക്കൊരിഷ്ടം തോന്നിയോ.......?!



3. സെലക്ട് മെസേജ്

'കണ്ടുമുട്ടൽ' തികച്ചും യാദൃശ്ചികമായിരുന്നെങ്കിലും അതിന്റെ ആഘാതം എന്റെ ഹൃദയത്തെത്തന്നെ ബാധിക്കുമെന്ന് ഞാൻ നിനച്ചതേയില്ല. ഈ ഏകാന്തതയിലും ഹൃദയത്തിന്റെ പെരുമ്പറ ശബ്ദം അക്ഷരപ്പുഴുക്കൾക്ക് ശല്യമായോ ആവോ?

ഫോണിൽ മണിക്കൂറോളം വാചാലയാകാറുള്ള
നീ എന്റെ അരികിലെത്തിയാൽ
മിണ്ടാപൂച്ചയാകുന്നത് എന്നെ
അത്ഭുതപ്പെടുത്തിയിരുന്നു.



4. ടെക്സ്റ്റ് മെസേജ്

"സ്നേഹം ദൈവമാണ്, ദൈവം സത്യമാണ്"
എന്ന് പ്രേമൻ മാഷ് പഠിപ്പിച്ചപ്പോൾ
മുൻ ബെഞ്ചിലിരുന്ന എന്റെ നോട്ടു ബുക്കിലും
തൂലികയേന്തിക കയ്യിലും എത്ര തുള്ളി
തുപ്പലാണ് വീണത്. പക്ഷെ, എന്റെ മനസ്സിൽ
നീ മാത്രമായിരുന്നു. ബോർഡിലുള്ളതെല്ലാം
പ്രണയത്തെക്കുറിച്ചുള്ള
ഇക്വേഷനുകളായിരുന്നു.




5. ക്രിയേറ്റ് മെസ്സേജ്




6. ഫോർവേഡ്

എത്ര പെട്ടെന്നായിരുന്നു നമ്മുടെ പ്രണയം വളർന്നു വലുതായത്. അപ്പോഴും പല പ്രണയവും വിത്തിൽ നിന്നും തൈപ്രായത്തിലെത്തുന്നതേയുണ്ടായിരുന്നുള്ളൂ എന്ന് നാം അഹങ്കരിച്ചു.



7. ടൈപ്പ് ഫോൺ നമ്പർ

കണ്ണിലെ പ്രകാശവും കാതിലെ കമ്പനവും
ഹൃദയത്തിന്റെ സ്പന്ദനവും നിശ്വാസത്തിന്റെ
ഊഷ്മളതയും ഏകാന്തതയിലെ ആശ്വാസവും
നീ മാത്രമായതോടെ കാണുന്നതും കേൾക്കുന്നതും
അറിയുന്നതും എഴുതുന്നതും പറയുന്നതും നിന്നെപ്പറ്റി മാത്രമായി.



8. സെന്റിംഗ് മെസ്സേജ്

നിന്നിൽ നിന്നകന്നിരിക്കുമ്പോൾ നിന്റെ സന്ദേശങ്ങളുമായി തിരിച്ചെത്തുന്ന ഇവന്റെ കുറുകലുകളായിരുന്നു എന്റെ ഹൃദയത്തിൽ നിന്നും കൂട്ടുകാർ കേട്ടിരുന്നത്. അവരുടെ പരിഹാസങ്ങളും എനിക്ക് പ്രശ്നമായിരുന്നില്ല.

പ്രണയ സാഫല്യത്തിന്റെ
ഉച്ചിയിലെത്തിയപ്പോഴേക്കും
നമുക്ക് പടികളിറങ്ങാൻ
നേരമായിരുന്നു.
ഹൃദയങ്ങളൊന്നായി
മനസ്സുകൾ വേർപിരിഞ്ഞാൽ
ദൈവം പോലും
കരഞ്ഞുപോകും. പാടെ.....
ഈ വിശ്വം തരിച്ചുപോകും.
യാത്രപോലും പറയാനാവാതെ
നീ പൊട്ടിക്കരഞ്ഞുകൊണ്ട്
ഇറങ്ങിയോടിയപ്പോൾ
സംഭവിച്ചതും
ഇതു തന്നെയായിരുന്നു.



9. മെസ്സേജ് സെന്റ്
– ഫെയിൽഡ്

എന്റെ മാനസമരുവിലേക്ക് പറന്നിറങ്ങിയ വസന്തമായ മാടപ്രാവേ,
നീ പറന്നുപോയിക്കൊള്ളുക ദൂരേക്ക്, നിന്റെ ഓർമ്മകൾ മാത്രം മതിയാകും
ഈ ജന്മം മുഴുവനും എനിക്കോർമ്മിക്കാൻ. എനിക്കൊന്നേ പറയാനുള്ളൂ,
എവിടെയാണെങ്കിലും സുഖമായിരിക്കുക!

ഇത്രയുമായപ്പോഴേക്ക്, മൈക്കും ക്യാമറയുമായി അവർ
എവിടെനിന്നോ എന്നെത്തേടിയെത്തി.
"ഈ മോഡേൺ യുഗത്തിൽ അതായത് പ്രാക്ടിക്കൽ
എയ്ജിൽ യുവാവായ താങ്കൾക്ക് എങ്ങനെ
ഈ പ്രണയനൊമ്പരം അനുഭവിക്കാനും
സൂക്ഷിക്കാനുമാകുന്നു?" അവരെ ഓടിച്ചുവിട്ടുകൊണ്ട്
ഞാൻ ഉറക്കെപ്പറഞ്ഞു:
"ഈ നൊമ്പരത്തെ കേവലം പ്രേമമെന്ന് വിളക്കരുത്.
അതിലും എത്രയോ ഉന്നതമാണിത്."



10. സേവ് മെസ്സേജ്




11. ഓട്ടോമാറ്റിക് ലോക്ക്

'ഒരിക്കലും സ്നേഹിക്കാതിരിക്കുന്നതിനേക്കാൾ ഭേദം സ്നേഹിച്ചു നഷ്ടപ്പെടുന്നതാണ്.' - ടെന്നിസൺ.

# Photo Feature



ഒപ്പിയെടുക്കാൻ ഇനി മലയാളിയുടേതായി ഒന്നുമില്ല,
അന്യന്റേതിൽ നിന്നും കടമെടുത്തത് കൂട്ടിക്കുഴച്ചതല്ലാതെ.




'ഇത് ഇന്നലെയുടെ ചിത്രം,
നാളെയുടെ ചരിത്രം'.
പച്ച പുതച്ച വയലേലകൾ
കോൺക്രീറ്റ് കൃഷിക്ക്
വഴിമാറും കാലത്ത്
പ്രതീക്ഷകളുടെ
പുൽനാമ്പുകളെ
പിഴുതെടുക്കുന്നതാരാണ്?
– അധികാരികളോ
അതോ നമ്മൾ തന്നെയോ?




തലോടുന്ന ഈ കൈകൾ സമ്മാനിക്കുന്നത്
സാന്ത്വനമല്ല, സ്വസ്ഥത നഷ്ടപ്പെടുത്തുന്ന
സംരക്ഷണമാണ്. ആരുടെയൊക്കെയോ
കരങ്ങളിൽ നമ്മൾ അകപ്പെട്ടു കഴിഞ്ഞു,
ഒന്നു പിടയാനുള്ള കരുത്തെങ്കിലും
അവശേഷിച്ചെങ്കിൽ....




താളമേളങ്ങളുടെ ഭൂതകാലത്തെ കുറിച്ച്
ഇനി നമുക്ക് മേനി പറഞ്ഞ് നടക്കാം.
സംഗീതത്തിലെ തനിമയും
പാശ്ചാത്യൻ കൈയ്യടക്കിയപ്പോൾ
ഇത്തരം സംഗീതോപകരണങ്ങൾ
ഇനി മ്യൂസിയത്തിൽ കൺകുളിർക്കെ കാണാം.




ഒടുവിൽ അവർ ഇവിടെയുമെത്തി.
മതത്തിന്റെ പേരിൽ തമ്മിൽതല്ലി തീർന്നപ്പോൾ
ഉറ്റവർക്കായി ബാക്കിയാക്കിയത്
ഒരേ രുചിയുള്ള കണ്ണുനീരും
തുല്യ വേദന പേറുന്ന ഓർമ്മകളും മാത്രം.



ജീവിതത്തിലെ കാഴ്ച്ചകൾക്ക് കണ്ണിലടിഞ്ഞു കൂടിയ
ഇരുട്ട് മറയിട്ടു. ചുണ്ടുകൾക്കിടയിൽ വിരിയുന്ന
ആസ്വാദനത്തിന് ചുരുട്ടും തഥൈവ.
സ്വബോധം പോലുമില്ലാത്ത സമൂഹമായി
നാം അതിവേഗം വളർന്നിരിക്കുന്നു.



ഇതൊരു ആഘോഷവേള.
കുളിക്കാതെ, വസ്ത്രമില്ലാതെ,
കൂട്ടത്തിൽ നിന്നും ഒറ്റപ്പെട്ട്
ഈ ഞാൻ. വാഴയിലയിലെ
കേരളീയ സദ്യ.
ഡിസ്പോസിബിൾ
ഗ്ലാസ്സിലെ പച്ചവെള്ളം
– പറയൂ, ചിന്തിക്കുന്നവർക്ക്
എന്നെപ്പറ്റി ഇതിലും വലിയ
ഒരു 'അടി'ക്കുറിപ്പ്
ആവശ്യമുണ്ടോ?



ഉറക്കംതൂങ്ങിയ കണ്ണുകളും ചൊറിച്ചിൽ വരുന്ന മുഖവും,
ഏയ് ഒന്നുമില്ല
എല്ലാം പപ്പയ്ക്കും മമ്മിയ്ക്കും അവരുടെ മുടിഞ്ഞ
അഭിമാന സംരക്ഷണത്തിനും വേണ്ടി ക്ഷമിക്കുകതന്നെ.




'കേരകളുടെ നാട്, കേരളം.' – ശരി.
'കോളകളുടെ നാട്, കേരളം.' – കൂടുതൽ ശരി.
ജീവജലം വിറ്റും വിഷം വാങ്ങിക്കുടിച്ചും
അഭിമാനിക്കുന്ന ഒരു ജനത ലോകത്ത്
വേറെയെവിടെയും ഉണ്ടാവില്ല, തീർച്ച.



'വിദ്യ നേടിയവരാണ് കൂടുതൽ സംസ്കാരശൂന്യരായി
മാറുന്നത്. ഇത് നമ്മുടെ വിദ്യാഭ്യാസ രീതിയുടെ കുറ്റം തന്നെ.
ഇത് മുൻകൂട്ടി കാണാൻ ഇക്കൂട്ടത്തിൽ ഒരു ബാലനെങ്കിലും
കഴിഞ്ഞുവല്ലോ?. പള്ളിക്കൂടത്തിൽ എത്തിയ ആദ്യ ദിവസം
തന്നെ മറ്റുള്ളവർ ഭാവിയെനോക്കി സ്വപ്നം
കാണുമ്പോൾ അതേ ഭാവിയെ നോക്കി ഇവൻ പേടിച്ചു
കരഞ്ഞതും അതുകൊണ്ടുതന്നെയാവാം.







മുകളിലാകാശം താഴെ ഭൂമി
ഈ തലക്കുള്ളിലോ?
ഉറച്ച ഭൂമിയിൽ ചുവടുറ
ക്കാതിരുന്നാൽ വീണുകൊ
ടുത്താണ് വിധേയത്വമുറ
പ്പിക്കുന്നത്. സ്വപ്നങ്ങൾക്ക്
ചിറകുമുളക്കുമ്പോൾ
കൂട്ടിനാളുണ്ടായിരുന്നു.
ചിറകറ്റ് വീണപ്പോൾ ഈ
അത്ഭുതഭൂമി തന്നെ ശരണം.

ഇത് മോഡേൺ കാമ്പസുകളിലൊന്ന്. ഇവിടങ്ങളിൽ
കാലത്തിനൊത്ത് കോലം കെട്ടുന്നകുറേ ഉല്പ്പന്നങ്ങൾ
പിറവിയെടുക്കുന്നു. ചുറ്റുപാടുകളെ നോക്കി ഇവർ
കണ്ണുകളടക്കും. കാരണം, കരിയർ സ്വപ്നങ്ങളിലും
അടിപൊളി കുസൃതികളിലും ഇവർ
തളക്കപ്പെട്ടിരിക്കുന്നു.






ഇത് കാലിച്ചന്തയല്ല,
സർക്കാർ വിലാസം
ചികിത്സാലയം. സൂപ്പർ
സ്പെഷ്യാലിറ്റി
ഹോസ്പിറ്റലുകൾ
വാഴും കാലം. ഇത്
കൈയ്യിൽ
കാശില്ലാത്തവന്റെ
ഗതിയും.

മരണപ്പാച്ചിൽ യുവതയുടെ
അടയാളമെന്ന്
നമ്മെ പറഞ്ഞു പറ്റിച്ചതാരാണ്?
പരസ്യരാജാക്കൻമാർ തലച്ചോറിനെ
കീഴ്പ്പെടുത്തുമ്പോൾ നമ്മുടെ
ചിന്തകളെ
കുഴിച്ചുമൂടിയതെവിടെയാണ്?



കഴുതവൽക്കരിക്കപ്പെട്ട മസ്തിഷ്കങ്ങളിലേക്ക്
ഒളികണ്ണുകളുമായി നോട്ടമിടുന്ന ചിലരുണ്ട്.
ഈ നോട്ടങ്ങൾക്ക് മറയൊരുക്കുകയെന്നതാണ്
കാലം തേടുന്ന തേട്ടം.



മലയാളമണ്ണിന്റെ ഗന്ധവും പേറി, പണയപ്പെടുത്താത്ത
ചിന്തകളുമായി അരുതായ്മകൾക്കെതിരെ പ്രതിരോധമായി
ഇനിയെങ്കിലും നമുക്ക് മടങ്ങാം, കൈകൾ ചേർത്ത് പിടിച്ച്.

വരികൾ: നൗഷാദ് എ.പി
കടപ്പാട്: അജീബ് കോമാച്ചി